ഇത് കൂടാതെ 200 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും തൊഴിൽ ക്ലബ്ബുകൾ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

(സി) തൊഴിൽ ക്ലബ്ബുകൾ കൊണ്ട് ഉദ്ദേശിക്കുന്നത് സാങ്കേതിക വിദ്യാഭ്യാസം കഴിഞ്ഞ തൊഴിലില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് സ്ഥായിയായി വരുമാനം ലഭിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുക എന്നതാണ്. 3 തൊഴിൽ ക്ലബ്ബുകളിലൂടെ 30 പട്ടികജാതി യുവതി യുവാക്കൾക്ക് സ്വയം തൊഴിലിൽ ഏർപ്പെടാൻ കഴിഞ്ഞിട്ടുണ്ട്.

ഈ ജോബ് ക്ലബ്ബുകളിലൂടെ നഗരവാസികൾക്ക് താഴെ പറയുന്ന സേവനങ്ങളാണ് ലഭ്യമാക്കുന്നത്.

1. പ്ലംബിംഗ് വർക്കുകൾ
2. ഇലക്ട്രിക്കൽ വർക്കുകൾ
3. ഇലക്ട്രോണിക് ഉപകരണങ്ങളുടെ റിപ്പയറിംഗ്
4. കാർപ്പന്ററി വർക്കുകൾ
5. മേസണറി വർക്കുകൾ
6. വീട്ടുപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ
7. പെയിന്റിംഗ് വർക്കുകൾ
8. ഇന്റീരിയൽ ഡെക്കറേഷൻസ്
9. പുൽത്തോട്ട നിർമ്മാണം
10. വിവിധ ബില്ലുകൾ (കറന്റ്, ടെലിഫോൺ) തുടങ്ങിയവ അടയ്ക്കൽ.

(ഡി) ധനമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ 2 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൻ പ്രകാരമുള്ള തുക ബഡ്ജറ്റിൽ വകകൊള്ളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുടുംബശ്രീ വഴി ജോബ് ക്ലബ്ബുകൾ ആരംഭിക്കുന്നതിന് ഒരു യൂണിറ്റിന്റെ പ്രോജക്ട് ചെലവ് 5 ലക്ഷം രൂപയാണ്. ഇതിൽ പട്ടികജാതി വികസന വകുപ്പിന്റെ വിഹിതം 3.20 ലക്ഷം രൂപയും ബാങ്ക് വായ്പ 1.62 ലക്ഷം രൂപയും ഗുണഭോക്തൃ വിഹിതം 18,000 രൂപയുമാണ്. 3 ജോബ് ക്ലബ്ബുകൾക്കായി 9.60 ലക്ഷംരൂപ തൊഴിൽ ക്ലബ്ബുകൾ നടപ്പിലാക്കുന്ന കുടുംബശ്രീക്ക് അനുവദിക്കുകയുണ്ടായി. ഇതിൽ നാളിതുവരെ 6,97,765 രൂപ ചെലവഴിക്കുകയുണ്ടായി.

(ഇ) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന 3 തൊഴിൽ ക്ലബ്ബുകളിലൂടെ നഗരത്തിൽ 2,359 പേർക്ക് സേവനം ലഭിച്ചിട്ടുണ്ട്.

പട്ടികജാതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പുതുതായി തുടങ്ങുന്ന ഐ.റ്റി.സി.-കൾ

*5 [305] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ പുതുതായി ഐ.റ്റി.സി.-കൾ സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്താമോ;

(സി) ഇവ അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മൂവാറ്റുപുഴ മുനിസിപ്പാലിറ്റി ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള അപേക്ഷയിൽ നടപടി ഉണ്ടായിട്ടുണ്ടോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ ആന്റ് ബി) നിലവിൽ പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പുതുതായി ഐ.റ്റി.സി.-കൾ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടില്ല. എന്നാൽ മൂവാറ്റുപുഴയിൽ ഒരു പുതിയ ഐ.റ്റി.സി. സ്ഥാപിക്കാൻ നഗരസഭ സ്ഥലം ലഭ്യമാക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുകയാണെങ്കിൽ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിൽ ഐ.റ്റി.സി. തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ, ഐ.റ്റി.സി. തുടങ്ങുന്നതിനുള്ള സ്ഥലസൗകര്യം, NCVT-യുടെ അംഗീകാരം ലഭിയ്ക്കാനുള്ള സാധ്യത തുടങ്ങിയവയാണ് പ്രധാനമായും മാനദണ്ഡങ്ങളായി കണക്കാക്കുന്നത്.

(ഡി) മൂവാറ്റുപുഴ താലൂക്കിൽ വെള്ളൂർക്കുന്ന് വില്ലേജിൽ സർവ്വേ നമ്പർ 539/5, 539/6B, 540/2B-യിൽപ്പെട്ട ഒരു ഏക്കർ സ്ഥലം പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു ഐ.റ്റി.സി. തുടങ്ങുന്നതിനുവേണ്ടി വിട്ടുകൊടുക്കുവാൻ തദ്ദേശ ഭരണ വകുപ്പ് 21-3-2003-ലെ 1001/2003/തദവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 28-10-2003-ൽ കൂടിയ നഗരസഭാ കൗൺസിൽ ഇത് തത്വത്തിൽ അംഗീകരിക്കുകയും താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി മാത്രമേ സ്ഥലം അനുവദിക്കുവാൻ കഴിയുകയുള്ളൂ എന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ 18-12-2003-ൽ കത്ത് മുഖേന അറിയിക്കുകയും ചെയ്തിട്ടുണ്ട്.

1. നഗരസഭ അനുവദിച്ച സ്ഥലം ITC-യും അതിനോടനുബന്ധമായ സ്ഥാപനങ്ങളും സ്ഥാപിക്കുന്നതിന് മാത്രമേ ഉപയോഗിക്കാവൂ.

2. മറ്റേതെങ്കിലും ആവശ്യത്തിന് ടി സ്ഥലം ഉപയോഗിക്കുന്നതിന് അനുവദിക്കുന്നതല്ല.

3. 3 വർഷത്തിനകം നിർമ്മാണം പൂർത്തീകരിക്കണം.

4. താൽക്കാലികമായി കോഴ്സുകൾ തുടങ്ങുന്നതിന് സൗകര്യം ചെയ്തു കൊടുക്കാമെന്ന് അറിയിക്കുന്നതിന് നിശ്ചയിച്ചു.

5. ഏതെങ്കിലും കാരണത്താൽ സ്ഥാപനം നിർത്തി പോകുകയാണെങ്കിൽ ടി സ്ഥലവും കെട്ടിടവും നഗരസഭയ്ക്ക് നിരുപാധികം വിട്ടുതരേണ്ടതാണ്.

മേൽപ്പറഞ്ഞ നഗരസഭയുടെ വ്യവസ്ഥകൾ അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യം സർക്കാർ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്ത് ഡാം സുരക്ഷാ അതോറിറ്റി രൂപീകരിക്കുന്നതിന് നടപടി

*6 [306] ശ്രീ. എൻ. രാജൻ:
„ പി. എസ്. സുപാൽ:
„ എം. കുമാരൻ:
„ മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഷങ്ങളോളം പഴക്കമുള്ളതും ബലക്ഷയം സംഭവിച്ചതുമായ എത്ര ഡാമുകൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly